**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**

**തീയതി 23.05.2024**

# "വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം: സിഡ്കോ മുൻ സെയിൽസ് മാനേജരെ ശിക്ഷിച്ചു."

സിഡ്കോ മുൻ സെയിൽസ് മാനേജരും Total 4 U തട്ടിപ്പ് കേസ്സിലെ പ്രതിയുമായ ചന്ദ്രമതിയമ്മയെ ഉദ്യോഗകാലയളവിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ച കേസ്സിൽ തിരുവനന്തപുരം വിജിലൻസ് കോടതി മൂന്ന് വർഷം തടവിനും 29 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

01.01.2005 മുതൽ 21.11.2008 വരെ സിഡ്കോ സെയിൽസ് മാനേജരായിരുന്ന ചന്ദ്രമതിയമ്മ ഈ കാലയളവിൽ വരവിനേക്കാൾ കൂടുതൽ സ്വത്ത് അനധികൃതമായി സമ്പാദിച്ചതിന് തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസിലാണ് മൂന്ന് വർഷം തടവിനും 29 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിക്കപ്പെട്ടത്.

തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ മുൻ പോലീസ് സൂപ്രണ്ട് ശ്രീ. സി.പി.ഗോപകുമാർ രജിസ്റ്റർ ചെയ്ത കേസ്സിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ മുൻ പോലീസ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.റെജി ജേക്കബ്, ശ്രീ.അജിത്ത് കുമാർ,ശ്രീ.അശോകൻ, ശ്രീ.എസ്.എസ്. സുരേഷ് കുമാർ എന്നിവർ അന്വേഷണം നടത്തി മുൻ പോലീസ് സൂപ്രണ്ട് ശ്രീ. വി.എൻ.ശശിധരൻ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ചന്ദ്രമതിയമ്മ കുറ്റക്കാരിയാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത്കുമാർ.എ.ആർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.